21.10.2024

# ജൂബിലിയിൽ നവീകരിച്ച ഓങ്കോളജി വിഭാഗം, കാൻസർ പരിശോധന ക്യാമ്പ്, സ്തനാർബുദ ക്യാൻസർ ബോധവൽക്കരണ മാസാചരണം - 2024 എന്നിവയുടെ ഉദ്ഘാടനം പ്രശസ്ത സിനിമാതാരം മഞ്ചു വാര്യർ നിർവ്വഹിച്ചു.

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ നവീകരിച്ച ഓങ്കോളജി വിഭാഗത്തിന്റെ ഉദ്ഘാടനവും, റേഡിയേഷൻ ഓങ്കോളജി പ്രോജക്റ്റിന്റെ പ്രഖ്യാപനവും, സ്തനാർബുദ ബോധവത്കരണ പരിപാടികളും നടന്നു. 2017-ൽ ചെറിയ രീതിയിൽ ആരംഭിച്ച ഓങ്കോളജി വിഭാഗം ആധുനിക ഓങ്കോളജി ചികിത്സാ സൗകര്യങ്ങളായ കീമോതെറാപ്പി, ഡേ കെയർ, ഓങ്കോസർജറി, ഓങ്കോമെഡിസിൻ എന്നീ സംവിധാനങ്ങളോടുകൂടി നവീകരിച്ചു. കോംപ്രിഹെൻസീവ് ഓങ്കോളജി കെയർ മുൻനിർത്തിക്കൊണ്ട് റേഡിയേഷൻ ഓങ്കോളജി പ്രോജക്റ്റിന്റെ ഔദ്യോഗിക പ്രഖ്യാപനം നടന്നു. ലോകാരോഗ്യ സംഘടനയുടെ സ്തനാർബുദ ബോധവത്കരണ മാസത്തോടനുബന്ധിച്ച് ഓങ്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ ആശുപത്രിയുടെ മദർ തെരേസ ഹാളിൽ നടന്ന ബോധവത്കരണ ക്ലാസുകളും കാൻസർ പരിശോധന പരിപാടിയും പ്രമുഖ ചലച്ചിത്രതാരം മഞ്ജു വാര്യർ ഉദ്ഘാടനം ചെയ്തു. ജൂബിലി മിഷൻ ആശുപത്രിയും മഞ്ജു വാര്യർ ഫൗണ്ടേഷനും ചടങ്ങിൽ ധാരണാപത്രം ഒപ്പിടാൻ ധാരണയായി. ചടങ്ങിൽ സർജിക്കൽ ഓങ്കോളജി വിഭാഗം മേധാവി ഡോ. ശ്രീകുമാർപിള്ള സ്വാഗതം ആശംസിച്ചു. ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അധ്യക്ഷത വഹിച്ചു. മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ ആശംസകളർപ്പിച്ചു. അസി. ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി മുഖ്യാതിഥിക്ക് ഉപഹാരം നൽകി. കാൻസർ രോഗ അതിജീവിത പ്രൊഫ. ശാന്ത തന്റെ അനുഭവം പങ്കുവെച്ചു. ഡോ. മിഥുൻ ചാക്കോ ജോൺ, ഡോ. ബിപിൻ ഫ്രാൻസിസ്, ഡോ. ദിപിൻ എന്നിവർ ബോധവത്കരണ ക്ലാസുകൾ നയിച്ചു.